**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1085** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ഉൾപ്പെടെ പൈപ്പ് പൊട്ടലും അറ്റകുറ്റപ്പണികളും മൂലം കുടിവെള്ള വിതരണം തുടർച്ചയായി മുടങ്ങുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ജല വിതരണ ശൃംഖലകളിൽ വളരെ കാലപ്പഴക്കം ചെന്നതും കാലഹരണപ്പെട്ടതുമായ സിമന്റ് പൈപ്പുകളും ആസ്ബസ്റ്റോസ് സിമന്റ് പൈപ്പുകളും ഉൾപ്പെടുന്നുണ്ട്. ലീക്കുകൾ ഉണ്ടാകുന്നത് പ്രധാനമായും ഇത്തരം പൈപ്പുകളിൽ ആണ്. സർക്കാറിന്റെ വിവിധ പദ്ധതികൾ പ്രകാരം ഇത്തരത്തിലുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഈ പൈപ്പുകൾ ഉപയോഗത്തിൽ നിർത്തികൊണ്ട് തന്നെ പുതിയ ലൈനുകൾ സ്ഥാപിക്കേണ്ടതിനാൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുക എന്നത് വളരെ പ്രയാസമേറിയ വസ്തുതയാണ്. യാത്രാ സാന്ദ്രത കൂടിയ റോഡുകളിലാണ് പ്രധാനപ്പെട്ട പൈപ്പുകൾ കടന്നു പോകുന്നത്. ടി റോഡുകളുടെ വീതി വർദ്ധിച്ചതോടെ ടി പൈപ്പുകൾ റോഡിന്റെ മദ്ധ്യ ഭാഗത്തായിട്ടാണ് ഉണ്ടാവാറുള്ളത്. പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതോടൊപ്പം പഴയ പൈപ്പുകളിൽ നിന്നും കണക്ഷനുകൾ മാറ്റി കൊടുക്കുന്നതിനും വിവിധ റോഡ് അധികാരികളുടെ അനുമതി വേണ്ടതായി വരുന്നു. പല കാരണങ്ങളാൽ അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ട്.<br>കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ലീക്ക് റെക്റ്റിഫിക്കേഷൻ പ്രവൃത്തികൾ നടത്തുന്ന കരാറുകാർക്കുള്ള കരാർ തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി ബോധ്യപ്പെടുന്നുണ്ട്. ആയത് പരിഹരിച്ച് റെക്റ്റിഫിക്കേഷൻ പ്രവർത്തി സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിലുണ്ടായ വീഴ്ച മൂലം തിരുവനന്തപുരം നഗരത്തിൽ മൂന്ന് ദിവസത്തിൽ കൂടുതൽ കുടിവെള്ളം മുടങ്ങുകയും ജനജീവിതം ദുരിതത്തിലാകുകയും ചെയ്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണം നടത്തുവാൻ കെ.ഡബ്ള്യു.എ., ടെക്നിക്കൽ മെമ്പറിനെ ചുമതലപ്പെടുത്തുകയും ആയതിൻ പ്രകാരമുള്ള റിപ്പോർട്ട് പരിശോധിച്ച് പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കാലതാമസം ഉണ്ടായതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്ക് താക്കീത് നല്കുവാനുള്ള നിർദേശം സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം സാഹചര്യങ്ങളിൽ 7 ദിവസം മുൻപ് വിവരം ജനങ്ങളെ അറിയിക്കണമെന്നും BULK SMS എന്ന സംവിധാനം നടപ്പിലാക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.<br><br>ജലവിതരണ ശൃംഖലയിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യുമ്പോഴും, മറ്റ് പ്രധാന പ്രവർത്തികൾ നടത്തുമ്പോഴും കർശനമായി പാലിക്കേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP)-യുടെ കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇത് എല്ലാ ചീഫ് എഞ്ചിനീയർമാരുടെയും നിർദേശങ്ങൾക്കായി സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ ഇത്തരം സാഹചര്യങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ (പുതിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജ്വർ (SOP) നിലവിൽ വരുന്നത് വരെ) 23.09.2024 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം കാലതാമസം ആവർത്തിക്കാതിരിക്കുവാൻ സ്വീകരിച്ച മുൻകരുതലുകൾ.<br><br>1.Crisis Management Group Protocol പുതുക്കി ക്രമീകരിച്ചു വരുന്നു.<br><br>2.കരാറുകാരെ CMG യുടെ പരിധിയിലുള്ള പ്രവർത്തികൾ ചെയ്യുന്നതിന് എംപാനൽ ചെയ്ത് വരുന്നു .<br><br>3.ബ്രേക്ക് ഡൗൺ പരമാവധി ഒഴിവാക്കുന്നതിന് ഷെഡ്യൂൾഡ്/ പ്രിവന്റീവ് മെയിന്റനൻസിന് മുൻഗണന നല്കുന്നതാണ്.<br><br>4.വാൽവുകൾ കൃത്യമായി പരിശോധിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനും, പുതിയ വാൽവുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | നഗരത്തിലെ പ്രധാന റോഡുകളിലൂടെ കടന്നുപോകുന്ന പഴക്കമുള്ള പൈപ്പ് ലൈനുകൾ മാറ്റി | (സി) | നഗരത്തിലെ പ്രധാന റോഡുകളിലൂടെ കടന്നുപോകുന്ന പഴക്കമുള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് വിവിധ പ്രവർത്തികൾ |

| | | | |
|---|---|---|---|
| | പുതിയവ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | നടന്നു വരുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രതിസന്ധികൾ നേരിടുന്നുണ്ട്.<br><br>1.പഴയ പൈപ്പുകൾ ഭാഗികമായോ പൂർണമായോ യാത്രാ തിരക്കുള്ള റോഡുകളുടെ മദ്ധ്യ ഭാഗത്താണ്.<br><br>2.റോഡ് അധികാരികളുടെ അനുമതി ലഭിക്കുന്നതിലെ കാലതാമസം.<br><br>3.റോഡുകൾ അധികവും പുതിയ നിലവാരത്തിലേക്കുയർന്നതിനാൽ DLP പിരീഡ് ഒഴിവാക്കി കിട്ടുന്നതിലെ കാലതാമസം.<br><br>4.ഫണ്ട് ലഭിക്കുന്നതിനുള്ള താമസം.<br><br>വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ